പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. **2438**

**12.06.2018** ൽ മറുപടിക്ക്

## കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ

ചോദ്യം

ശ്രീ.മോൻസ് ജോസഫ്

(എ) 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ. എം.എസ്. മോഹനൻ, പൂഴിക്കോൽ പി.ഒ, കടുത്തുരുത്തി സമർപ്പിച്ച 161/A4/2016 /IND അപ്പീൽ പെറ്റീഷനിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) ഈ പരാതി സംബന്ധിച്ച് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ഡയറകുരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) പ്രസ്തുത പരാതിക്കാരന്റെ പരാതിക്ക് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുമോ;

(ഡി) പ്രസ്തുത പെറ്റീഷന്റെ അടിസ്ഥാനത്തിൽ ഹിയറിംഗ് നടത്തിയിട്ടുണ്ടോ; പ്രസ്തുത ഹിയറിംഗിന്റെ തുടർ നടപടി ശ്രീ.മോഹനനെ അറിയിച്ചിട്ടുണ്ടോ; നിയമത്തിന്റെ നൂലാമാലകളെക്കുറിച്ച് അറിയാത്ത ആ തൊഴിലാളിയുടെ അറിവില്ലായ്മ മാപ്പാക്കി തുടർ നടപടികളിൽ നിന്നും ശ്രീ മോഹനനെ ഒഴിവാക്കുന്നതിന് ശ്രമിക്കുമോ?

മറുപടി

എ.സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി)

(എ) (ബി) (സി) & (ഡി)

കോട്ടയം ജില്ലയിലെ കടുത്തുരുത്തി വില്ലേജിലെ 38/22 എ എന്ന സർവ്വെ നമ്പറിൽപ്പെട്ട 1.4 ആർ സ്ഥലത്തു നിന്നും നീക്കം ചെയ്യാൻ അനുമതി നൽകിയ 210 മെ.ടൺ സാധാരണ മണ്ണിനു പുറമേ 495 ക്യൂബിക് മീറ്റർ സാധാരണ മണ്ണ് അനധികൃതമായി നീക്കം ചെയ്തതിന് സ്ഥലം ഉടമയായ ശ്രീ.എം.എസ് മോഹനനിൽ നിന്ന് മണ്ണിന്റെ റോയൽറ്റിയും പിഴയും ചേർത്ത് ആകെ 24,800/- രൂപ ഈടാക്കുവാനാവശ്യപ്പെട്ട് കോട്ടയം ജില്ലാ ജിയോളജിസ്റ്റ് 06.11.2013, 15.02.2014 തീയതികളിൽ പുറപ്പെടുവിച്ച 380/ഡിജിവൈ/എംഎൽ/2013 നമ്പർ ഡിമാന്റ് നോട്ടീസിനെതിരെ ശ്രീ.മോഹനൻ, കടുത്തുരുത്തി, വൈക്കം 24.03.2016 ൽ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം അപ്പീൽ പെറ്റിഷൻ സമർപ്പിച്ചിരുന്നു. ആയത് 161/എ 4/2016/വ്യവ നമ്പർ ഫയലിലാണ് കൈകാര്യം ചെയ്തിരുന്നത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് കെ.എം.എം.സി ചട്ടങ്ങൾ പ്രകാരമുള്ള ഒന്നാം അപ്പീൽ അധികാരി 29.11.2017 ൽ ടിയാളെ നേരിൽ കേൾക്കുകയും ഈ വിഷയം വിശദമായി പരിശോധിക്കുകയും ചെയ്തു.

ശ്രീ.മോഹനന്റെ അപ്പീൽ അപേക്ഷ കെ.എം.എം.സി ചട്ടം 1967-ലെ വ്യവസ്ഥകളിൽ പറഞ്ഞിരിക്കുന്ന സമയ പരിധിക്കുള്ളിൽ സമർപ്പിച്ചിട്ടുള്ളതല്ല. 06.11.2013-ൽ നൽകിയ ഡിമാന്റ് നോട്ടീസിനു രണ്ടു മാസത്തിനകം സമർപ്പിക്കേണ്ട അപ്പീൽ, ടിയാൻ സമർപ്പിച്ചത് 24.03.16-നാണ്. ടിയാൻ അപ്പീൽ സമർപ്പിക്കുന്നതിന് മുമ്പായി 21.10.2014 ന തന്നെ Form 24 പ്രകാരം പ്രസ്തുത തുക റവന്യൂ റിക്കവറിയായി പിടിക്കുന്നതിന് കോട്ടയം ജില്ലാ ജിയോളജിസ്റ്റ് റിക്വസിഷൻ നൽകുകയും, ശ്രീ.മോഹനന്റെ അപേക്ഷയെ തുടർന്ന് പ്രസ്തുത തുകയുടെയും പലിശയുടെയും 30 ശതമാനം 25.03.15 ന മുൻപും ബാക്കി തുക 10 തുല്യ തവണകളായി അടച്ചു തീർക്കുന്നതിനും കോട്ടയം ജില്ലാ കളക്ടർ 25.02.15 ന തന്നെ ബി10(2)/51115/14 പ്രകാരം അനുമതി

നൽകുകയും ചെയ്തിരുന്നു. ഇതു കൂടാതെ വീട് നിർമ്മാണത്തിന് വേണ്ടി മണ്ണ് നീക്കം ചെയ്യാൻ നേടിയ അനുമതികൊണ്ട് കൂടുതൽ മണ്ണ് നീക്കം ചെയ്തതായി കണ്ടെത്തിയിരുന്നു. എന്നാൽ അത് നിരാകരിക്കാൻ പറ്റിയ തെളിവുകളോ സാക്ഷികളെയോ ഹാജരാക്കുവാൻ ടിയാനു കഴിഞ്ഞില്ല. 1967-ലെ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി അപ്പീൽ സമർപ്പിക്കാത്തതിനാലും അനധികൃത ഖനനം നടന്നുവെന്ന കണ്ടെത്തൽ വസ്തുതകളുടെ പിൻബലത്തിൽ നിരാകരിക്കാൻ കഴിയാത്തതു കൊണ്ടും റവന്യൂ റിക്കവറി സംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചു കഴിഞ്ഞതിനാലും ടിയാന്റെ അപേക്ഷ പരിഗണിക്കാൻ യാതൊരു നിർവ്വാഹവുമില്ല എന്ന സാഹചര്യത്തിൽ ശ്രീ.മോഹനൻ, വൈക്കം സമർപ്പിച്ച അപ്പീൽ അപേക്ഷ 04.01.2018 ലെ സ.ഉ.(സാധാ)നം.10/2018/ വ്യവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിരസിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ പകർപ്പ് അപ്പീൽ ഹർജിക്കാരന് ലഭ്യമാക്കിയിട്ടുണ്ട്.

കോട്ടയം ജില്ലാ ജിയോളജിസ്റ്റിന്റെ റിപ്പോർട്ടിനെ സാധൂകരിക്കുന്ന റിപ്പോർട്ട് മൈനിംഗ് & ജിയോളജി ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

Manjusha K

**സെക്ഷൻ ഓഫീസർ**

അനുബന്ധം

(101)

നമ്പർ.7084/എം2/2016

മൈനിങ് & ജിയോളജി ഡയറക്ടറേറ്റ്
കേശവദാസപുരം, പട്ടം പാലസ് പി.ഒ
തിരുവനന്തപുരം-4
Tel/Fax: 0471-2447429
e.mail:director.dir.dmg@kerala.gov.in
w.w.dmg.kerala.gov.in

തീയതി 23.01.2018

c 2176461 A

INDUSTRIES (G.S.) DEPARTMENT
24
27 JAN 2018
Govt. Secretariat, Thiruvananthapuram

മൈനിങ് & ജിയോളജി ഡയറക്ടർ

അഡീഷണൽ ചീഫ് സെക്രട്ടറി
വ്യവസായ (എ) വകുപ്പ്

സർ,

വിഷയം:- അപ്പീൽ ഹർജി- ശ്രീ.എം.എസ്.മോഹനൻ,മുയലോടിക്കാലായിൽ, പൂഴിക്കോൽ പി.ഒ സമർപ്പിച്ചത് - റിപ്പോർട്ട് അയക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) 03/11/17 തീയതിയിലെ 161/എ4/16/വ്യവ സർക്കാർ കത്ത്.
2) 24/11/2017 - തീയതിയിലെ കോട്ടയം ജിയോളജിസ്റ്റിന്റെ 380/ഡിഒവൈ/ഇഎം/13 കത്ത്.

മേൽ സൂചനകളിലേക്ക് സർക്കാരിന്റെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. ശ്രീ.എം.എസ്.മോഹനൻ സമർപ്പിച്ച അപ്പീൽ ഹർജിയിന്മേലുള്ള വിശദമായ റിപ്പോർട്ട് സൂചന(2) പ്രകാരം കോട്ടയം ജിയോളജിസ്റ്റ് അയച്ച് തന്നിട്ടുണ്ട്. ആയത് പരിശോധിച്ചതിൽ ചട്ട പ്രകാരമാണ് നടപടി സ്വീകരിച്ചിട്ടുള്ളത് എന്ന് കാണുന്നു. അപ്പീൽ കക്ഷിയുടെ വാദങ്ങളിൽ കഴമ്പില്ലാത്തതിനാൽ അപ്പീൽ നിരസിച്ച് ഉത്തരവാകണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

24.1.18

for മൈനിങ് & ജിയോളജി ഡയറക്ടർ (i/c)

പിവി24/1/18സിദ(യു)

ശ്രീ. എം.എസ്. മോഹനൻ, മുയലോടിക്കാലായിൽ, പൂഴിക്കോൽ പി.ഒ, കടുത്തുരുത്തി എന്ന വ്യക്തി ബഹു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ മുൻപാകെ സമർപ്പിച്ച അപ്പീൽ പെറ്റീഷൻമേലുള്ള റിപ്പോർട്ട്

കോട്ടയം ജില്ലയിൽ വൈക്കം താലൂക്കിൽ കടുത്തുരുത്തി വില്ലേജിൽ സർവ്വേ നമ്പർ 38/22-ൽ അപ്പീൽ കക്ഷിയായ ശ്രീ. മോഹനൻ, S/o ശ്രീധരൻ, മുയലോടിക്കാലായിൽ, പൂഴിക്കോൽ പി.ഒ, എന്ന വ്യക്തിയുടെ കൈവശത്തിൽപ്പെട്ടതുമായ 1.4 ആർ സ്ഥലത്തു നിന്ന് സാധാരണ മണ്ണ് ഖനനം ചെയ്യുന്നതിന് ടിയാൻ 25.2.2013-ന് വൈക്കം തഹസിൽദാരുടെ നമ്പർ ഡി7-1098/13 തീയതി 22.2.13 നിരാക്ഷേപപത്രവും (അനുബന്ധം 1) മറ്റ് അനുബന്ധ രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 27.2.2013 തീയതി സ്ഥലം പരിശോധിച്ചു. ഇവിടെ നിന്ന് 105m³ (210 മെട്രിക് ടൺ) മണ്ണ് ഖനനം ചെയ്യുവാനുണ്ടെന്ന് ബോദ്ധ്യപ്പെട്ടു. ആയതിൻ പ്രകാരം 1.3.2013-ന് 210 മെട്രിക് ടൺ (105 ക്യുബിക് മീറ്റർ) മണ്ണ് ഖനനം ചെയ്യുന്നതിന് 31.3.2013 കാലാവധി വരെ ഖനനാനുമതി നൽകിയിരുന്നതാണ് (അനുബന്ധം-2). തുടർന്ന് ഈ ഓഫീസിൽ നിന്നും 1.8.2013-ന് നടത്തിയ പരിശോധനയിൽ അനുവദിച്ച അളവിന് പുറമേ 495m³ അനധികൃതമായി ഖനനം നടത്തിയതായി ബോദ്ധ്യപ്പെട്ടതിനാൽ അപ്പീൽ കക്ഷിക്ക് അനധികൃതമായി നീക്കം ചെയ്ത മണ്ണിന്റെ റോയൽറ്റി, പിഴ ഇനത്തിൽ 24,800/- രൂപ അടയ്ക്കുന്നതിന് 29.8.2013-ന് നോട്ടീസ് നൽകിയിരുന്നതാണ്(അനുബന്ധം 3). ടി നോട്ടീസിന് അപ്പീൽ കക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 6.11.2013-ന് രജിസ്റ്റേർഡ് നോട്ടീസ് നൽകുകയും ആയതിന് അപ്പീൽ കക്ഷി നൽകിയ മറുപടി ഈ ഓഫീസിന് പരിഗണിക്കാൻ സാധിക്കാത്തതിനാൽ 20.5.2014 തീയതി രജിസ്റ്റേർഡ് ഓർമ്മക്കുറിപ്പ് നൽകിയിട്ടുണ്ട്. ഈ ഓഫീസിൽ നിന്നും നൽകിയ നോട്ടീസിനെതിരെയാണ് ശ്രീ. മോഹനൻ സർക്കാരിൽ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. മേൽപ്പടി തുക ഒടുക്കുവാൻ പെർമിറ്റുടമ സന്നദ്ധനാകാതിരുന്ന സാഹചര്യത്തിൽ ടിയാളിൽ നിന്നും നോട്ടീസിൽ പരാമർശിക്കുന്ന തുക ഈടാക്കുന്നതിന് 21.10.2014-ന് റവന്യൂ റിക്കവറി

നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ട് (അനുബന്ധം 4). കൂടാതെ അപ്പീൽ കക്ഷിക്കെതിരെ റവന്യു റിക്കവറി നടപടികൾ സ്വീകരിച്ചതിനാൽ ടിയാന്റെ അപേക്ഷ പരിഗണിക്കുവാൻ സാധിക്കില്ലായെന്നും കുടിശ്ശിക തുക ഒടുക്കണമെന്നും 11.4.2016-ന് രേഖാമൂലം അപ്പീൽ കക്ഷിയെ അറിയിച്ചിട്ടുണ്ട് (അനുബന്ധം 5).

1.4 ആർ സ്ഥലത്തു നിന്നും 105 m³ മണ്ണ് ഖനനം ചെയ്യുന്നതിനാണ് 1.3.13 തീയതി അനുമതി നൽകിയിരുന്നത്. എന്നാൽ അനുമതിയ്ക്ക് വിരുദ്ധമായി പെർമിറ്റ് ഉടമ 600 m³ ധാതു നീക്കം ചെയ്തിരിക്കുന്നതായി ഈ ഓഫീസ് നടത്തിയ സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ആയതിൽ പെർമിറ്റ് നൽകിയ 105 m³-ന് ഉപരിയായി നീക്കം ചെയ്ത 495m³ (990 മെട്രിക് ടൺ) മണ്ണിന്റെ റോയൽറ്റിയും പിഴയും ഒടുക്കുന്നതിലേയ്ക്കാണ് നോട്ടീസ് നൽകിയിരിക്കുന്നത്.

യാഥാർത്ഥ്യങ്ങൾ ഇത്തരത്തിലായിരിക്കേ മറുപടി പരിഗണിച്ച് അപ്പീൽ കക്ഷിക്ക് നോട്ടീസ് പ്രകാരം ആവശ്യപ്പെട്ട തുക ഒടുക്കുന്നതിന് നിർദ്ദേശിച്ച് അപ്പീലിൽ തീർപ്പുണ്ടാക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

(signature)

**ജിയോളജിസ്റ്റ്**

(signature)

സെക്ഷൻ ഓഫീസർ